(ബി) നിലവിൽ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന ഉദ്യോഗാർത്ഥികളെയാണ് സെക്രട്ടേറിയറ്റിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി നിയമിക്കുന്നത്.

(സി&ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയാലും പി.എസ്.സി. സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച്, പരീക്ഷ നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും നിയമനം നടത്തുക എന്നതിനാൽ ഒരു ജില്ലയിലെ ഉദ്യോഗാർത്ഥികൾക്കും അവസരം നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവുകയില്ല.

## ഇ-ഫയലിംഗ്

46 (3677) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഫയലിംഗ് സിസ്റ്റത്തിൽ തപാൽ നമ്പർ എടുക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇ-ഫയലിംഗിനെ സംബന്ധിച്ച് ജീവനക്കാർ എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഐഡിയാസ് സംവിധാനം കാര്യക്ഷമമാക്കി ഇ-ഫയലിംഗ് പിൻവലിക്കുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിൽ മുഴുവനായി നടപ്പിലാക്കുന്നതുവരെ ഫയലുകളുടെ നടപടിക്രമങ്ങൾ ട്രാക്ക് ചെയ്യുവാൻ ഐഡിയാസ് ഇ-ഓഫീസിനു പുറമേ ഉപയോഗിക്കേണ്ടതുണ്ട്. അതിനാൽ ഫയലിന്റെ വിവരങ്ങൾ ഇ-ഓഫീസിൽ രേഖപ്പെടുത്തുകയും കൂടാതെ തപാൽ നമ്പർ ഐഡിയാസിൽ നിന്നും എടുക്കേണ്ടതുമാണ്. പൊതു ജനങ്ങൾക്കും ഫയലുകൾ ട്രാക്ക് ചെയ്യുവാൻ കഴിയുന്ന വിധത്തിൽ ഒരു സിറ്റിസൺ ഇന്റർഫേസ് സോഫ്റ്റ്വെയർ ഇപ്പോൾ നിർമ്മാണത്തിലാണ്. ഈ പുതിയ സംവിധാനം ഉൾപ്പെടുത്തുകയും ഇ-ഓഫീസ് സെക്രട്ടേറിയറ്റിൽ പൂർണ്ണമായും നടപ്പിലാക്കുന്നത് വരെയും ഉദ്യോഗസ്ഥർ ഐഡിയാസിലും ഇ-ഓഫീസിലും ഡാറ്റ രേഖപ്പെടുത്തേണ്ടതാണ്. ഇത് കാരണമാണ് തപാൽ നമ്പർ എടുക്കുവാൻ ചെറിയ കാലതാമസം ഉണ്ടാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഇ-ഫയലിംഗ് സംബന്ധിച്ച് ജീവനക്കാർ ചൂണ്ടിക്കാട്ടിയ ചില പോരായ്മകൾ ചുവടെ കൊടുത്തിരിക്കുന്നു :

1. മലയാളം ഫോണ്ട് പകർത്തുന്നതിനുള്ള ബുദ്ധിമുട്ട്
2. സിറ്റിസൺ ഇന്റർഫേസ്
3. സെക്രട്ടേറിയറ്റ് മാനുവൽ പ്രകാരം ജി.ഒ., സർക്കുലർ, മെമ്മോറാണ്ടങ്ങൾ എന്നിവ നമ്പറിടുക
4. ഒരു ഡ്രാഫ്റ്റ് അപ്രൂവ് ചെയ്യപ്പെടുമ്പോൾ നമ്പർ സ്വയം ഉണ്ടാകുകയും അപ്രൂവ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം, ഡിജിറ്റൽ സിഗ്നേച്ചർ, തീയതി എന്നിവ വരുത്തുന്നതിനായുള്ള സംവിധാനം
5. നോട്ട്സിലുള്ള പാരഗ്രാഫ് നമ്പറിംഗ്
6. കൂടുതൽ MIS റിപ്പോർട്ടുകൾ ഉണ്ടാക്കാനുള്ള സംവിധാനം
7. മെച്ചപ്പെടുത്തിയ HTML എഡിറ്റർ സംവിധാനം
8. ഫയൽ നടപടിയുടെ വിവിധ ഘട്ടങ്ങളിൽ ഇ-മെയിലോ/ എസ്.എം.എസ്.അലേർട്ടുകളോ ലഭ്യമാക്കുന്നതിനായുള്ള സംവിധാനം
9. ഉപഭോക്താക്കൾക്ക് ടെസ്റ്റുകൾ നിർമ്മിക്കാനുള്ള സൗകര്യം.

ഡൽഹിയിൽ നിന്നുമുള്ള .NIC-ടീമുമായി ഒന്നിലധികം തവണ ചർച്ചകൾ നടത്തുകയും തുടർന്നു ന്യൂനതകൾ പ്രാധാന്യം അനുസരിച്ച് പരിഹരിക്കുകയും ചെയ്യുന്നതാണ്.

(സി) ഫയലുകളുടെ നടപടിക്രമങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്ന ഒരു സോഫ്റ്റ്വെയറാണ് ഇ-ഓഫീസ്. എന്നാൽ ഐഡിയാസ് ഉപയോഗിച്ച് ഫിസിക്കൽ ഫയലുകൾ ട്രാക്ക് ചെയ്യുവാൻ മാത്രമേ കഴിയുകയുള്ളൂ. ഇ-ഓഫീസിൽ ഫയൽ നടപടികൾ ഇലക്ട്രോണിക്കായി നടക്കുന്നു, അതുവഴി പേപ്പർലെസ്സ് ഓഫീസ് (കടലാസ്സ് രഹിത ഓഫീസ്) എന്ന ആശയം സാധൂകരിക്കുന്നു. ഫയൽ ട്രാക്കിംഗ് എന്നത് ഇ-ഓഫീസിന്റെ അനേക ഗുണങ്ങളിൽ ഒന്നു മാത്രമാണ്. കൂടാതെ സിറ്റിസൺ ഇന്റർഫേസ് എന്നൊരു പുതിയ സംവിധാനത്തിലൂടെ ഐഡിയാസ്

LIBRARY ARCHIVES Kerala Legislative Assembly

പോലെ പൊതുജനത്തിന് ഫയൽ ട്രാക്ക് ചെയ്യുവാനും സാധിക്കുന്നതാണ്. എല്ലാ ഡിപ്പാർട്ട്മെന്റുകളിലും പൂർണ്ണമായി ഇ-ഓഫീസ് നടപ്പിലാക്കി കഴിഞ്ഞാൽ ഐഡിയാസ് പിൻവലിക്കുന്നതായിരിക്കും.

**പി.എസ്.സി.-യുടെ ഓൺലൈൻ പരീക്ഷാകേന്ദ്രം**

47 (3678) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് മുഖേന പരീക്ഷാ നടത്തിപ്പിൽ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓൺലൈൻ പരീക്ഷാകേന്ദ്രം മുഖേനയുള്ള പരീക്ഷ നടത്തിപ്പിൽ ചെലവ് ചുരുക്കാൻ സാധിക്കുമോ ;

(ഡി) നിലവിൽ ഒരു ഉദ്യോഗാർത്ഥിക്ക് പരീക്ഷാ നടത്തിപ്പിന് പി.എസ്.സി. ചെലവഴിക്കുന്നത് എത്ര രൂപയാണെന്നും ഓൺലൈൻ പരീക്ഷാകേന്ദ്രം വന്നാൽ ഇത് എത്രയാകുമെന്നും വ്യക്തമാക്കാമോ ;

(ഇ) ഇത് നടപ്പിലാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ നിലവിലുള്ളവ വെട്ടിച്ചുരുക്കുകയോ ചെയ്യുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ മുഖേന പരീക്ഷാ നടത്തിപ്പിൽ താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് :

1. പരീക്ഷാ തീയതി മുതൽ ഒരു മാസത്തിനകം ചുരുക്ക/സാദ്ധ്യത/റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക
2. കൂടുതൽ മികച്ച ഭൗതിക സൗകര്യങ്ങളുള്ള പരീക്ഷാകേന്ദ്രങ്ങൾ ലഭ്യമാക്കുക
3. പരീക്ഷാ കേന്ദ്രങ്ങളുടെ നിലവിലെ ലഭ്യതക്കുറവുമൂലമുള്ള കാലതാമസം ഒഴിവാക്കുക.

(സി) ചെലവ് ചുരുക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly